# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പട്ടികവർഗക്കാർ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും ഉന്നമനമാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says the Union Government is working for the upliftment of all sections of society, including Scheduled Tribes.**

2. വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ രാജ്യത്തെ റെയിൽവേ സംവിധാനത്തിൻറെ വികസനം ഏറെ പ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says the development of the country's railway system is crucial in achieving the goal of a developed India.**

3. രാജ്യത്ത് H M P V വൈറസ് ബാധയ്ക്കെതിരെ നിരീക്ഷണം ശക്തമാക്കി ആരോഗ്യമന്ത്രാലയം. കേരളത്തിൽ മുൻകരുതൽ നടപടി ഉറപ്പാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

   **Health Ministry intensifies surveillance against HMPV virus in the country; Kerala Health Minister Veena George assures preventive measures.**

4. ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ മാവോയിസ്റ്റ് ആക്രമണത്തിൽ എട്ട് ജവാന്മാർക്ക് വീരമൃത്യു; സംഭവത്തിൽ അനുശോചിച്ച് രാഷ്ട്രപതി, കേന്ദ്ര ആഭ്യന്തര മന്ത്രി തുടങ്ങിയവർ.

   **Eight jawans martyred in Maoist attack in Bijapur district of Chhattisgarh; President and Union Home Minister express condolences.**

5. അഫ്ഗാനിസ്ഥാനിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തെ അപലപിച്ച് ഇന്ത്യ.

**India condemns reported airstrikes on Afghan civilians by Pakistan.**

6. അയർലൻഡിനെതിരായ വനിത ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്കു ള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു.

**India announces squad for Women's ODI series against Ireland.**

## PREZ EARLY -( INTRO)

പട്ടികവർഗക്കാർ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും ഉന്നമനത്തിനായാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള പട്ടികവർഗ വിഭാഗത്തിലെ വനിതാ പ്രതിനിധികളുമായി രാഷ്ട്രപതി ഭവനിൽ സംവദിക്കുകയായിരുന്നു ശ്രീമതി മുർമു. സ്ത്രീ ശാക്തീകരണമാണ് ഇന്ത്യൻ ജനാധിപത്യത്തിൻ്റെ നട്ടെല്ല് എന്നും സ്ത്രീകൾക്ക് ഭരണഘടന തുല്യാവകാശം നൽകിയിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

(വോയിസ്... )

## LS SPEAKER - BIRLA

ഗ്രാമങ്ങളുടെ വികസനത്തിനും സ്വാശ്രയ ഇന്ത്യ എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിലുമാണ് പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. പഞ്ചായത്ത് സെ പാർലമെൻ്റ് 2.0 പരിപാടി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാർ പദ്ധതികളുടെ ഗുണഫലങ്ങൾ താഴെത്തട്ടിൽ ഉൾപ്പടെ എത്തിക്കുന്നതിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ പ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്ര മന്ത്രി അന്നപൂർണാ ദേവി പറഞ്ഞു. 20 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറോളം വനിതകൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

## HMPV - TWO CASES(INTRO)

രാജ്യത്ത് H M P V വൈറസ് ബാധയ്ക്കെതിരെ നിരീക്ഷണം ശക്തമാക്കിയതായി ആരോഗ്യമന്ത്രാലയം. കർണാടകയിൽ മൂന്ന് മാസവും, 8 മാസവും പ്രായമുള്ള രണ്ട് കുഞ്ഞുങ്ങളിലാണ് പതിവ് പരിശോധനയ്ക്കിടെ വൈറസ് ബാധ സ്ഥിരീകരിച്ചത്. കുട്ടികൾക്ക് വിദേശ യാത്രാ പശ്ചാത്തലമില്ല. ചെറിയ കുട്ടികളിൽ പകർച്ചപ്പനിക്ക് കാരണമാകുന്ന വൈറസുകൾക്ക് സമാനമാണ് H M P V വൈറസെന്ന് ഹെൽത്ത് സർവീസസ് ഡയറക്ടർ ജനറൽ ഡോ അതുൽ ഗോയൽ പറഞ്ഞു. രാജ്യത്ത് ശ്വാസകോശ സംബന്ധമായ രോഗബാധകളിൽ ഇതുവരെ അസാധാരണ വർദ്ധന ഉണ്ടായിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്....)

## VEENA GEORGE - HMPV

എച്ച്.എം.പി.വി വൈറസ് ബാധയ്ക്കെതിരെ കേരളം ഇതിനകം മുൻകരുതൽ നടപടി സ്വീകരിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. തിരുവനന്തപുരത്ത് ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ശ്വാസകോശ സംബന്ധമായ രോഗ ലക്ഷണങ്ങളുള്ളവർ മാസ്ക് ധരിക്കണമെന്നും കൃത്യമായ ചികിത്സ ഉറപ്പാക്കണമെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

## AERO-INDIA

ഏഷ്യയിലെ ഏറ്റവും വലിയ വ്യോമയാന പ്രദർശനമായ - എയ്റോ ഇന്ത്യയുടെ പതിനഞ്ചാമത് പതിപ്പ് ഫെബ്രുവരി 10 മുതൽ 14 വരെ ബെംഗളൂരുവിലെ യെലഹങ്ക എയർഫോഴ്സ് സ്റ്റേഷനിൽ നടക്കും. "ദ റൺവേ ടു എ ബില്യൺ ഓപ്പർച്യുനിറ്റീസ്" എന്നതാണ് ഇത്തവണത്തെ പ്രമേയം. തദ്ദേശീയ പ്രതിരോധ നിർമ്മാണ ശേഷി, അത്യാധുനിക സാങ്കേതിക വിദ്യ, മേക്ക് ഇൻ ഇന്ത്യ സംരംഭം തുടങ്ങിയവയ്ക്ക് മുൻതൂക്കം നൽകുന്നതായിരിക്കും ഇന്ത്യൻ പവലിയൻ.

## PM - RAILWAY PROJECTS (INTRO)

കഴിഞ്ഞ ദശകം ഇന്ത്യൻ റെയിൽവേയിൽ വലിയ പരിഷ്കരണത്തിൻറെ കാലഘട്ടമായിരുന്നെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ രാജ്യത്തെ റെയിൽവേ സംവിധാന ത്തിൻറെ വികസനം ഏറെ പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ വിവിധ റെയിൽവേ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി. പുതിയ ജമ്മു റെയിൽവേ ഡിവിഷനും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

(വോയിസ്....)

ജമ്മു-കശ്മീർ, തെലങ്കാന, ഒഡീഷ എന്നിവിടങ്ങളിലെ റെയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സാമൂഹിക-സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുമെന്നും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുമെന്നും കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

## CHHATTISGARH-KILLED

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുടെ വാഹനത്തിനു നേരെയുണ്ടായ മാവോയിസ്റ്റ് ആക്രമണത്തിൽ എട്ട് ജവാൻമാരും വാഹന ഡ്രൈവറും കൊല്ലപ്പെട്ടു. 5 പേർക്ക് പരിക്കേറ്റു. ഒരു ജവാനെ കാണാതായിട്ടുണ്ട്. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

## SCHOOL ART FEST

63-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കിരീടപ്പോരാട്ടത്തിനായി ഇഞ്ചോടിഞ്ച് പോരാട്ടം. 157 ഇനങ്ങൾ പൂർത്തിയായപ്പോൾ നിലവിലെ ചാമ്പ്യൻമാരായ കണ്ണൂരാണ് മുന്നിൽ. തൃശൂർ രണ്ടാമതും കോഴിക്കോട് മൂന്നാമതുമാണ്. സ്കൂളുകളിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ ബി എസ് എസ് ഗുരുകുലം HSS ആണ് ഒന്നാമത്.

## PV ANVAR

നിലമ്പൂരിൽ ഫോറസ്റ്റ് ഓഫീസ് തകർത്ത സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പി വി അൻവർ എംഎൽഎയ്ക്ക് ജാമ്യം. തവനൂർ സെൻട്രൽ ജയിലിൽ നിന്നും പി വി അൻവർ മോചിതനായി. പോലീസിൻറെ കസ്റ്റഡി ആവശ്യം നിരസിച്ചാണ് കോടതി ജാമ്യം അനുവദിച്ചത്.

## IMD-WEATHER

ഉത്തരേന്ത്യയിൽ ശൈത്യ തരംഗം തുടരുന്നു. ഇന്തോ-ഗംഗാ സമതല മേഖലയിൽ അടുത്ത നാല് ദിവസം മൂടൽമഞ്ഞ് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ബീഹാർ, രാജസ്ഥാൻ, സിക്കിം തുടങ്ങിയ ഇടങ്ങളിലും മൂടൽമഞ്ഞിന് സാധ്യതയുണ്ട്. കനത്ത മൂടൽമഞ്ഞിനെ തുടർന്ന് നിരവധി ട്രെയിൻ, വിമാന സർവീസുകൾ തടസപ്പെട്ടു.

## MEA-AFGHAN

അഫ്ഗാനിസ്ഥാനിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തെ അപലപിച്ച് ഇന്ത്യ. സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേർ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. നിരപരാധികൾക്കെതിരെയുള്ള ഏത് ആക്രമണത്തെയും ഇന്ത്യ അപലപിക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

## BCCI - WOMENS CRICKET

അയർലൻഡിനെതിരായ വനിത ഏകദിന ക്രിക്കറ്റ് പരമ്പരയിലെ 15 അംഗ ടീമിനെ ബിസിസിഐ പ്രഖ്യാപിച്ചു. സ്മൃതി മന്ദാന ടീമിനെ നയിക്കും. ദീപ്തി ശർമ്മ ആണ് വൈസ് ക്യാപ്റ്റൻ. ഹർമൻപ്രീത് കൗറും പേസർ രേണുക സിങ് താക്കൂറും ടീമിൽ ഇല്ല. റിച്ച ഘോഷും ഉമ ചേത്രിയുമാണ് വിക്കറ്റ് കീപ്പർമാർ. ഗുജറാത്തിലെ നിരഞ്ജൻ ഷാ സ്റ്റേഡിയത്തിൽ ഈ മാസം 10 ,12 ,15 തീയതികളിലാണ് മത്സരം.

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ - മുംബൈ സിറ്റി പോരാട്ടം. കൊൽക്കത്തയിലാണ് മത്സരം.

## ISRO

ISRO സ്പെഡെക്സ് ദൗത്യത്തിലെ ഡോകിങ്ങ് പ്രക്രിയ ഈ മാസം 9 ലേക്ക് മാറ്റിവെച്ചു. രണ്ടു വ്യത്യസ്ത ബഹിരാകാശ പേടകങ്ങളെ ഭ്രമണപഥത്തിൽവെച്ച് കൂട്ടിയോജിപ്പിക്കുന്ന പ്രക്രിയ, കൂടുതൽ വിലയിരുത്തൽ ആവശ്യമായതിനാലാണ് മാറ്റിവെച്ചത്.

## DELHI POLICE- BANGLADESHI

അനധികൃത കുടിയേറ്റം കണ്ടെത്താൻ ഡൽഹി പൊലീസ് നടത്തിയ പരിശോധനയിൽ ഒമ്പത് ബംഗ്ലാദേശ് പൗരന്മാരെ അറസ്റ്റ് ചെയ്തു. അറസ്റ്റിലായവരെ രാജ്യത്തേക്ക് തിരിച്ചയച്ചു. രാജ്യതലസ്ഥാനത്ത് അനധികൃതമായി തങ്ങുന്ന വിദേശ പൗരന്മാർക്കെതിരെ നടപടി ശക്തമാക്കിയതായി ഡൽഹി പോലീസ് അറിയിച്ചു.

## HC - UNION CARBIDE WASTE

ഭോപ്പാൽ ദുരന്തത്തിനിടയാക്കിയ യൂണിയൻ കാർബൈഡ് ഫാക്ടറിയിലെ വിഷ മാലിന്യം, മധ്യപ്രദേശിലെ പിതാംപൂർ ജില്ലയിൽ സംസ്കരിക്കുന്നതിനെതിരെ സമർപ്പിച്ച ഹർജി മധ്യപ്രദേശ് ഹൈക്കോടതി ഇന്ന് പരിഗണിച്ചു. ജനങ്ങളോട് ആലോചിക്കാതെയാണ് സർക്കാർ തീരുമാനമെന്ന് ഇൻഡോറിലെ എംജിഎം അലുംനി അസോസിയേഷൻ നൽകിയ ഹർജിയിൽ പറയുന്നു. അതേസമയം സർക്കാർ കോടതിയോട് ആറാഴ്ചത്തെ സമയം ആവശ്യപ്പെട്ടതിനെ തുടർന്ന് അടുത്ത ഹിയറിങ് ഫെബ്രുവരി 18 ലേക്ക് മാറ്റി. വിഷയത്തിൽ ജനങ്ങൾ ദേശീയ ഹരിത ട്രൈബ്യൂണലിനേയും സമീപിച്ചിട്ടുണ്ട്.

## GADKARI-SURAKSHA RELOADED EVENT

റോഡുകൾ സുരക്ഷിതമാക്കാൻ ട്രാഫിക് നിയമങ്ങൾ പാലിക്കണമെന്ന് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. സഡക് സുരക്ഷാ അഭിയാൻറെ ഭാഗമായി മുംബൈയിൽ സംഘടിപ്പിച്ച 'സുരക്ഷ റീലോഡഡ്" പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിയമങ്ങൾ സ്വയം പാലിക്കുന്നതിലൂടെ ചുറ്റുമുള്ളവരെ സ്വാധീനിക്കാനും കുട്ടികൾക്കു കഴിയുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

## PRE-BUDGET CONSULTATION

കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമ്മല സീതാരാമൻ സാമ്പത്തിക വിദഗ്ദ്ധരുമായും, ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ന്യൂഡൽഹിയിൽ ചർച്ച നടത്തി. ബജറ്റിന് മുന്നോടിയായി ധനമന്ത്രി നടത്തുന്ന എട്ടാമത്തെ ചർച്ചയാണിത്. ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരിയും, ധനമന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

## JAISHANKAR-SULIVAN

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ - യു എസ് സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതും, പ്രാദേശിക - ആഗോള വിഷയങ്ങളും ചർച്ചയായി. ദേശീയ സുരക്ഷ ഉപദേഷ്ടാവ് അജിത് ഡോവലുമായും യു എസ് സുരക്ഷാ ഉപദേഷ്ടാവ് ഇന്ന് കൂടിക്കാഴ്ച നടത്തി.